പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5333 15.11.2019-ലെ മറുപടിക്ക്

**റോഡപകടങ്ങൾ**

ചോദ്യം

ഡോ.എം. കെ. മുനീർ

ശ്രീ.മഞ്ഞളാംകുഴി അലി

" ടി.എ.അഹമ്മദ് കബീർ

" എം.ഉമ്മർ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡപകടങ്ങൾക്ക് കാരണമായി കണ്ടെത്തിയിട്ടുള്ള പ്രധാന നിയമലംഘനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | അമിതവേഗത, അമിതഭാരം, മദ്യപിച്ച് വാഹനം ഓടിക്കൽ, വാഹനം ഓടിക്കുമ്പോൾ മൊബൈലിൽ സംസാരിക്കുക, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതിരിക്കുക തുടങ്ങിയവയാണ് വാഹനാപകടങ്ങളുടെ കാരണങ്ങളായി കണ്ടെത്തിയിട്ടുള്ള പ്രധാന നിയമലംഘനങ്ങൾ. 2018- ൽ റിപ്പോർട്ട് ചെയ്ത 40181 അപകടങ്ങളിൽ 29773 എണ്ണവും അമിതവേഗത മൂലമാണ് സംഭവിച്ചത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. |
| (ബി) | അമിതവേഗം, മദ്യപിച്ചുള്ള ഡ്രൈവിംഗ്, വാഹനങ്ങളിൽ രൂപമാറ്റം വരുത്തി ഓടിക്കുന്ന പ്രവണത, തുടർച്ചയായ വാഹന ഡ്രൈവിംഗ് ഇവ മുഖേനയുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സുശക്തവും കാര്യക്ഷമവുമായ വാഹന പരിശോധന നടത്തിവരുന്നു. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, ഓവർ ലോഡ്, അമിതവേഗത, റെഡ് ലൈറ്റ് വയലേഷൻ എന്നീ കുറ്റങ്ങൾക്കെതിരെ ലൈസൻസ് റദ്ദുചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ 2017-ൽ 14,447 ലൈസൻസും, 2018-ൽ 17,788 ലൈസൻസും, 2019 സെപ്റ്റംബർ വരെ 21,246 ലൈസൻസും റദ്ദ് ചെയ്തു.<br>പുതിയതായി ആവിഷ്കരിച്ച "സേഫ് കേരള" പദ്ധതിപ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ റോഡുകൾ അപകടവിമുക്തമാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. സേഫ് കേരള പദ്ധതിക്ക് വേണ്ടി മാത്രമായി 14 റീജിയണൽ |

| | | | |
|---|---|---|---|
| | | | ട്രാൻസ്പോർട്ട് ഓഫീസർമാരും, 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരും, 255 അസിസ്റ്റൻറ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. ഇതുവരെ വിവിധ നിയമലംഘനങ്ങൾക്ക് 2,18,536 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 25.15 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തു. |
| സി) | ഈ വർഷം 30.9.2019 വരെ സംസ്ഥാനത്തുണ്ടായ അപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 30/09/2019 വരെ 30,801 അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 4015 |
| 2 | കൊല്ലം | 2564 |
| 3 | പത്തനംതിട്ട | 1210 |
| 4 | ആലപ്പുഴ | 2712 |
| 5 | കോട്ടയം | 2159 |
| 6 | ഇടുക്കി | 842 |
| 7 | എറണാകുളം | 4680 |
| 8 | തൃശ്ശൂർ | 3368 |
| 9 | പാലക്കാട് | 1829 |
| 10 | കോഴിക്കോട് | 2576 |
| 11 | മലപ്പുറം | 1946 |
| 12 | വയനാട് | 522 |
| 13 | കണ്ണൂർ | 1651 |
| 14 | കാസർഗോഡ് | 727 |
| | **ആകെ** | **30,801** |

**സെക്ഷൻ ഓഫീസർ**